B2/197/2024-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യവകുപ്പ് - ജീവനക്കാര്യം - മ്യൂസിയം മൃഗശാലാ വകുപ്പിൽ തിരുവനന്തപുരം മൃഗശാല സെക്ഷനിൽ സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരവേ മരണമടഞ്ഞ ഗായത്രി ഓ എസ് ന്റെ മകൾ കുമാരി അശ്വനി ജി.ബി യെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സോയിൽ കൺസർവഷൻ വകുപ്പിലെ വർക്ക് സൂപ്രണ്ട് / ട്രേസർ തസ്തികയിൽ നിയമിക്കുന്നതിന് മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.6/2026/CLAD തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-
1. സ.ഉ.(പി) നം. 12/99/പി.&എ.ആർ.ഡി, തീയതി 24.05.1999.
2. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കുമാരി അശ്വനി ജി ബി സമർപ്പിച്ച 10.09.2024 തീയതിയിലെ അപേക്ഷ.
3. മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ 29.10.2024 തീയതിയിലെ E-101774/MZ/932/2024-A നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20.12.2024 തീയതിയിലെ DCTVM/12094/2024-S6 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ സർവ്വീസിലിരിക്കേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിലേക്കായി മ്യൂസിയം മൃഗശാലാ വകുപ്പിൽ തിരുവനന്തപുരം മൃഗശാല സെക്ഷനിൽ സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരവേ 07.07.2024 ൽ മരണമടഞ്ഞ ഗായത്രി ഓ എസ് ന്റെ മകൾ കുമാരി അശ്വനി ജി.ബി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. മരണമടഞ്ഞ സർക്കാർ ജീവനക്കാരിയുടെ കുടുംബാംഗങ്ങളിൽ ആരും തന്നെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇതിനോടകം പ്രയോജനപ്പെടുത്തിയിട്ടില്ലെന്നും പരേതയുടെ അനന്തരാവകാശികൾ എല്ലാം തന്നെ അവരവരുടെ അവകാശം അപേക്ഷകയ്ക്ക് അനുകൂലമായി വിട്ടൊഴിഞ്ഞിട്ടുള്ളതാണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 11.02.2001 ആണ്. അപേക്ഷക B Tech in Civil Engineering പാസ്സ് ആയിട്ടുള്ളതാണ്. പരാമർശം (1)

ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുള്ളതായിക്കണ്ടതിനാൽ ജില്ലാ കളക്ടർ അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

3. അപേക്ഷകയുടെ യോഗ്യത അനുസരിച്ച് ജോലി ലഭിക്കുന്നതിനുള്ള ഒന്നാം ഓപ്ഷനായി നൽകിയിരിക്കുന്നത് ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II (സിവിൽ), ഡെമോൺസ്ട്രേറ്റർ എന്നീ തസ്തികകളാണ്. എന്നാൽ ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II (സിവിൽ), ഡെമോൺസ്ട്രേറ്റർ എന്നീ തസ്തികകളിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് നിലവിൽ മാറ്റി വയ്ക്കാൻ ഒഴിവുകൾ ഇല്ല. രണ്ടാം ഓപ്ഷനായി അപേക്ഷക സോയിൽ കൺസർവഷൻ വകുപ്പിലെ ട്രേസർ, വർക്ക് സൂപ്രണ്ട് എന്നീ തസ്തികയാണ് അഭ്യർത്ഥിച്ചിരുന്നത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷയിൽ രണ്ടാമത്തെ ഓപ്ഷനായി നൽകിയിട്ടുള്ള സോയിൽ കൺസർവഷൻ വകുപ്പിലെ ട്രേസർ, വർക്ക് സൂപ്രണ്ട് എന്നീ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനായി കൃഷി വകുപ്പ് പുറത്തിറക്കിയ 01/07/1972 ലെ സ.ഉ.(പി) 235/72/കൃഷി ഉത്തരവിൽ പ്രകാരമുള്ള നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിലും അധികയോഗ്യത ആയി അപേക്ഷക നേടിയിട്ടുള്ള **B-Tech Civil Engineering** യോഗ്യത കണക്കാക്കിയിട്ടുള്ളതിനാലും, നിലവിലെ വർക്ക് സൂപ്രണ്ട് / ട്രേസർ തസ്തികയിലെ പി.എസ്.സി ലിസ്റ്റ് പ്രകാരമുള്ള നിയമനത്തിനായി, **KS&SSR Part II Rule 10 a (ii)** അനുസരിച്ച്, **B-Tech Civil Engineering** ബിരുദമുള്ളവരെ പരിഗണിച്ചുവരുന്നതിനാലും കുമാരി അശ്വനി ജി.ബി യെ വർക്ക് സൂപ്രണ്ട്/ട്രേസർ തസ്തികയിൽ നിയമനത്തിനായി പരിഗണിക്കാവുന്നതാണ്.

5. മേൽ സാഹചര്യത്തിൽ മ്യൂസിയം മൃഗശാല വകുപ്പിൽ തിരുവനന്തപുരം മൃഗശാല സെക്ഷനിൽ സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരവേ **07.07.2024** ൽ മരണമടഞ്ഞ ശ്രീമതി ഗായത്രി ഓ എസ് ന്റെ മകൾ കുമാരി അശ്വനി ജി.ബി യ്ക്ക് **10.09.2024 valid application date** ആയി നിശ്ചയിച്ചുകൊണ്ട് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സോയിൽ കൺസർവഷൻ വകുപ്പിലെ വർക്ക് സൂപ്രണ്ട് / ട്രേസർ തസ്തികയിൽ നിയമനം നൽകുന്നതിന് മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസയോഗ്യത, സ്വഭാവം, പൂർവ്വചരിത്രം, വൈദ്യപരിശോധനാ സർട്ടിഫിക്കറ്റ് തുടങ്ങിയവ ചട്ടപ്രകാരം പരിശോധിച്ച ശേഷം മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പ് ഡയറക്ടർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയതിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. മരണമടഞ്ഞ ജീവനക്കാരിയുടെ സേവനപുസ്തകത്തിലും ടിയാൾ അവസാനം സേവനമനുഷ്ഠിച്ച ഓഫീസിലെ ജീവനക്കാര്യ പതിവേടിലും ഈ നിയമനം സംബന്ധിച്ച ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ, അടുത്തിടെ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷക നിയമനാധികാരി മുമ്പാകെ ഹാജരാകേണ്ടതാണ്.

7. അപേക്ഷയിലോ, നിയമനത്തോടനുബന്ധിച്ച വകുപ്പുതല അന്വേഷണ സമയത്തോ തെറ്റായ വിവരം ധരിപ്പിച്ചതായോ ഏതെങ്കിലും വിവരം മറച്ചു വച്ചതായോ ബോധ്യപ്പെടുന്ന പക്ഷം ഈ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പ്, സെൻട്രൽ പ്ലാസാ ബിൽഡിങ്ങ്, വഴുതക്കാട്, തിരുവനന്തപുരം- **695014** (റജിസ്റ്റേർഡ് പോസ്റ്റ്)

ഡയറക്ടർ, മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം (റജിസ്റ്റേർഡ് പോസ്റ്റ്)

കുമാരി അശ്വനി ജി ബി, **Velivilakathu House, SNRAG 42, Mukkola, Tvpm - 695043** (റജിസ്റ്റേർഡ് പോസ്റ്റ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ,. വെബ് & ന്യൂ മീഡിയ, ഐ & പി. ആർ. ഡി.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Renju. A. R

Date: 01-01-2026 16:04:50

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹ. മൃഗസംരക്ഷണ ക്ഷീരവികസന മൃഗശാല വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

കൃഷി (ഇബി) വകുപ്പ് (**Ref : EB3/49/2025-AGRI**).